PH 29



# റബ്ബർമരങ്ങളുടെ റെയിൻഗാർഡിങ്ങ്



# റെയിൻ ഗാർഡിംഗ് രീതികൾ

മഴക്കാലത്തും റബർമരങ്ങൾ ടാപ്പുചെയ്യാനുതകുന്ന സംവിധാനമാണ് റെയിൻ ഗാർഡിംഗ്. പരമ്പരാഗതമായ രീതികൾ പുറമെ ഇന്ത്യൻ റബർ ഗവേഷണകേന്ദ്രം കണ്ടുപിടിച്ച മററുരീതികളും ഇന്നു നിലവിലുണ്ട്.

മഴക്കാലത്ത് റബർമരങ്ങൾ ടാപ്പുചെയ്ത് വിളവെടുക്കാൻ സഹായിക്കുന്ന ഒരു സംവിധാനമാണ് റെയിൻഗാർഡിംഗ്.

ഒന്നിടവിട്ട ദിവസങ്ങളിൽ ടാപ്പിംഗ് എന്ന നിലവിലുള്ള രീതിയനുസരിച്ച് ഞായറാഴ്ചകളൊഴിവാക്കിയാൽ തന്നെയും ഒരു വർഷം 150 ടാപ്പിംഗ് ദിവസങ്ങളെങ്കിലും നമുക്ക് ലഭിക്കേണ്ടതാണ്. എന്നാൽ സാധാരണ ഗതിയിലുള്ള കറയെടുപ്പിനു മഴ തടസ്സം സൃഷ്ടിക്കുന്നതിനാൽ യഥാർത്ഥത്തിൽ കിട്ടുന്ന ടാപ്പിംഗ് ദിവസങ്ങൾ ഇതിലും വളരെക്കുറവാണ്. തന്മൂലം മെയ് മുതൽ ആഗസ്റ്റുവരെയുള്ള കാലവർഷക്കാലത്ത് റബറുത്പാദനം ഗണ്യമായി കുറയുന്നു. മരങ്ങൾ റെയിൻഗാർഡുചെയ്യില്ലെങ്കിൽ ഇക്കാലത്തു ലഭിക്കുന്ന വിളവ് വാർഷികോത്പാദനത്തിന്റെ 25 ശതമാനത്തിൽ താഴെ മാത്രമാണ്. എന്നാൽ മരങ്ങൾ റെയിൻഗാർഡുചെയ്യിട്ടുണ്ടെങ്കിൽ ഇക്കാലത്തു കിട്ടുന്ന വിളവ് 35 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിയും. തുടർന്നുള്ള സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ ഉത്പാദനത്തിൽ നേരിയ കുറവനുഭവപ്പെട്ടമെങ്കിലുംമൊത്തമുള്ള വാർഷികോത്പാദനത്തിൽ 15 മുതൽ 30 ശതമാനം വരെ വർദ്ധനവുണ്ടാകും.

റബർ മരങ്ങൾ റെയിൻഗാർഡു ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ പലതാണ്.

1. ഉത്പാദന വർദ്ധനവ്.
2. ഉത്പാദനത്തിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഏററക്കുറച്ചിലുകൾ ഇല്ലാതാക്കി വിപണിയിൽ എല്ലായ്പോഴും റബറിന്റെ അനുസ്യൂതമായ ലഭ്യത ഉറപ്പുവരുത്താൻ കഴിയുന്നു.
3. ടാപ്പിംഗ് ദിവസങ്ങൾ കൂടുതൽ കിട്ടുന്നതുമൂലം ടാപ്പർമാരുടെ തൊഴിലവസരങ്ങളും വർദ്ധിക്കുന്നു.
4. ഉത്പാദകർക്ക് വർഷത്തിൽ എല്ലാമാസവും ഏറെക്കുറെ സ്ഥിരമായ വരുമാനം ഉറപ്പു വരുത്തുന്നു.

## പരമ്പരാഗതരീതി

നമ്മുടെ നാട്ടിൽ ഇപ്പോഴും പ്രചാരത്തിലുള്ളത് പോളിത്തീൻ ഷീററുപയോഗിച്ചുള്ള റെയിൻഗാർഡിംഗ് രീതിയാണ്. റബർമരത്തിന്റെ വെട്ടുപട്ടയും കറശേഖരണത്തിനുള്ള ചിരട്ടയും മൂടിക്കിടക്കത്തക്കവിധം അനുയോജ്യമായ വലിപ്പത്തിൽ മുറിച്ചെടുത്ത പോളിത്തീൻ ഷീററ് പിന്നുകളുടേയും പശയുടേയും സഹായത്താൽ വെട്ടുചാലിനു മുകളിലായി മരത്തിൽ ഉറപ്പിച്ചു വെക്കുന്ന ഒരു രീതിയാണിത്.



ചിത്രം 1. പട്ടയിലെ മൊരി ചുരണ്ടി മിനുസപ്പെടുത്തുന്നു

ആദ്യമായി മുൻകാനയിൽനിന്നും പിൻകാനയിൽനിന്നും 10 സെ.മീററർ വീതം മാററി വെട്ടുചാലിനു 15 സെ.മീററർ മുകളിലായി സമാന്തരമായി 3 സെ.മീററർ വീതിയിൽ പട്ടയിലെ മൊരി ചുരണ്ടി മിനുസപ്പെടുത്തണം. [ചിത്രം 1]



ചിത്രം 2. പശ തേച്ചുപിടിപ്പിക്കുന്നു

പിന്നീടു് ബിററുബെസ്റ്റ്, പോളിസ്റ്റിക്കു് തുടങ്ങിയ ഏതെങ്കിലും ഒരു പശ മൊരി ചുരണ്ടിയ ഭാഗത്തു് നന്നായി തേച്ചു പിടിപ്പിക്കുക. [ചിത്രം 2]

അതിനുശേഷം നിശ്ചിത വലിപ്പത്തിൽ മുറിച്ചെടുത്ത 300 ഗേജ്ജ് കട്ടിയുള്ള പോളിത്തീൻ ഷീറ്റ് പശക്കു മീതെ നീളത്തിൽ ഞൊറിഞ്ഞു പിടിപ്പിക്കണം. [ചിത്രം 3]




ചിത്രം 3. പൊളിത്തീൻ ഞൊറിഞ്ഞു പിടിപ്പിക്കുന്നു

രണ്ടു സെ.മീ വീതിയിലും ആവശ്യമായ നീളത്തിലും മുറിച്ചെടുത്ത കോറത്തുണി പോളിത്തീൻ മുകളിലായി അമർത്തിവച്ച് അഞ്ചോ ആറോ ഇടങ്ങളിൽ സ്റ്റേപ്ലർകൊണ്ട് പിൻ അടിച്ചുറപ്പിക്കുകയാണ് അടുത്തപടി. [ചിത്രം 4]




ചിത്രം 4. പിൻ അടിച്ചുറപ്പിക്കുന്നു

ജലാംശം അകത്തു കടക്കാത്തവിധം തുണിയുടെ മീതെ വീണ്ടും ഒരിക്കൽകൂടി നന്നായി പശ തേച്ചു പിടിപ്പിക്കുന്നതോടെ റെയിൻഗാർഡിംഗ് പൂർത്തിയായി. [ചിത്രം 5]





ചിത്രം 5. അവസാനം വീണ്ടും പശ തേച്ചുപിടിപ്പിക്കുന്നു



പോളിത്തീൻകൊണ്ടു് റെയ്ൻഗാർഡ് ചെയ്ത മരം

## പുതിയ രീതികൾ

പോളിത്തീൻ ഷീററുപയോഗിച്ചുള്ള റെയിൻഗാർഡിംഗ് രീതിക്കു് ചില പോരായ്മകളുമുണ്ടു്. പോളിത്തീൻ ഷീററിനുള്ളിൽ ഈർപ്പം തങ്ങി നിൽക്കുന്നതുമൂലം മഴക്കാലത്തു് വെട്ടുപട്ടയിൽ കുമിളും രോഗങ്ങളും പിടിപെടാൻ സാധ്യത വർദ്ധിക്കുന്നു. ടാപ്പിംഗ് സമയ

ത്തു് പോളിത്തീൻ ഉയർത്തിപ്പിടിക്കേണ്ടി വരുന്നതിനാൽ ടാപ്പിംഗ് വിഷമകരമായിത്തീരുകയും ചെയ്യും. അതിനാൽ കൂടുതൽ മെച്ചപ്പെട്ട റെയിൻഗാർഡിംഗ് രീതികൾ കണ്ടുപിടിക്കുന്നതിനുള്ള പരീക്ഷണങ്ങൾ ഇന്ത്യൻറബർ ഗവേഷണകേന്ദ്രത്തിൽ നടന്നുവരികയാണ്. ഇതുവരെ നടത്തപ്പെട്ട പരീക്ഷണങ്ങളിൽ തായ്ത്തടിയിലൂടെ ഒലിച്ചിറങ്ങുന്നവെള്ളം ചാക്കുകൊണ്ടോ പോളിത്തീൻ ട്യൂബുകൊണ്ടോ നിർമ്മിച്ച 'പാത്തി'യിലൂടെ പുറത്തേക്കു് ഒഴുക്കിക്കളയുന്ന രീതി കൂടുതൽ ഫലപ്രദമാണെന്നു കണ്ടിട്ടുണ്ടു്. കറ ശേഖരണത്തിനുള്ള ചിരട്ടയിൽ വെള്ളം വീഴാതിരിക്കാനായി ഒരു ചെറിയ കഷണം പോളിത്തീൻ മരത്തിലുറപ്പിച്ചാൽ മതി.

## ചാക്കുകൊണ്ടുള്ള റെയിൻഗാർഡുകൾ

20 സെ.മീററർ വീതിയിലും ആവശ്യാനുസരണം നീളത്തിലും മുറിച്ചെടുത്ത ചാക്കുകഷണം ഒരു മരപ്പലകയിൽ നിവർത്തിവെച്ചു് അതിൻെറ പകുതി വീതിയിൽ പശപുരട്ടുക. പിന്നീടു് 1 സെ.മീററർ വീതിയും 10 സെ.മീററർ നീളവുമുള്ള അലൂമിനിയം നാടകൾ പശയ്ക്കു മുകളിലായി 20 സെ.മീററർ അകലത്തിൽ പതിപ്പിക്കുക. അതിനുശേഷം ചാക്കുകഷണത്തിൻെറ പശയില്ലാത്ത ഭാഗം പശ പുരട്ടിയ ഭാഗത്തേക്കു് മടക്കിവെയ്ക്കണം. ഇപ്രകാരം തയ്യാറാക്കിയ റെയിൻഗാർഡു് മരത്തിലുറപ്പിക്കുകയാണു് അടുത്തപടി.

പോളിത്തീൻ കൊണ്ടുള്ള റെയിൻഗാർഡിംഗ് രീതിയിലെന്നപോലെ വെട്ടുചാലിനു മുകളിലായി 3 സെ.മീററർ വീതിയിൽ മൊരി ചുരണ്ടി മിനുസപ്പെടുത്തിയശേഷം അവിടെ പശ തേച്ചുപിടിപ്പിക്കുക. പിന്നീടു് ചാക്കുപയോഗിച്ചു് തയ്യാറാക്കിയ റെയിൻഗാർഡു് പശക്കു മീതെ ബലമായി ചേർത്തുവെച്ചു് സ്റ്റേപ്ലറിൻെറ സഹായത്താൽ പിൻ അടിച്ചു് പട്ടയിലുറപ്പിക്കണം. പട്ടയുമായി നന്നായി ചേർന്നിരിക്കത്തക്കവിധം റെയിൻഗാർഡിൻെറ മുകളററത്തു് ഒരിക്കൽ കൂടി പശ നന്നായി തേച്ചു പിടിപ്പിച്ചശേഷം ഒരു പാത്തിയുടെ ആകൃതിയിൽ അതു് മടക്കിവെക്കുന്നതോടെ റെയിൻഗാർഡിംഗ് പൂർത്തിയായി.

## പോളിത്തീൻ ട്യൂബുപയോഗിച്ചു്

ഒരിഞ്ചു വ്യാസമുള്ള പോളിത്തീൻ ട്യൂബ് നെടുകെ മുറിച്ചു് രണ്ടു തുല്യ ഭാഗങ്ങളാക്കുക. ഇതിൽ ഒരുഭാഗം വേണ്ടത്ര നീളത്തിൽ



ചാക്കുപയോഗിച്ച് തയ്യാറാക്കിയ റയിൻഗാർഡ് സ്റ്റേപ്ലർ ഉപയോഗിച്ച് പിടിപ്പിച്ചുകഴിഞ്ഞ് ബാക്കിവന്ന ഭാഗം മുറിച്ചെടുക്കുന്നു.




പട്ടയുമായി നന്നായി ചേർന്നിരിക്കുന്നതിനും വെള്ളം അരിച്ചിറങ്ങാതിരിക്കുന്നതിനും വേണ്ടി പശ നന്നായി തേച്ചുപിടിപ്പിക്കുന്നു.



ചാക്കുപയോഗിച്ചുള്ള റയിൻഗാർഡിംഗ് പൂർത്തിയാകുന്നു.




ചിരട്ടയിൽ വെള്ളം വീഴാതിരിക്കാൻ ഒരു കഷണം പോളിത്തീൻ
മരത്തിൽ പിടിപ്പിച്ചിരിക്കുന്നു.




പട്ടചുരണ്ടി പശ തേച്ചു പിടിപ്പിച്ച ഭാഗത്തു് നെടുകെ മുറിച്ച
പോളിത്തീൻ ട്യൂബ് ചേർത്തുവയ്ക്കുന്നു.



സ്റ്റേപ്ലറിന്റെ സഹായത്താൽ ട്യൂബിൽ പിൻ അടിച്ച്
മരത്തോടുചേർത്തു പിടിപ്പിക്കുന്നു.



ട്യൂബ്ബും മരത്തിന്റെ പട്ടയുമായി ചേരുന്ന ഭാഗത്തുകൂടി വെള്ളം
അരിച്ചിറങ്ങാത്തവിധം പശ തേച്ചു പിടിപ്പിക്കുന്നു.



പോളിത്തീൻ ട്യൂബ് പിടിപ്പിച്ചശേഷം ചിരട്ടയിൽ വെള്ളം വീഴാതിരിക്കാൻ ഒരു കഷണം പോളിത്തീൻ പിടിപ്പിച്ചിരിക്കുന്നു.

മുറിച്ചെടുത്തു് വെട്ടുചാലിനു മുകളിൽ പട്ടച്ചുരണ്ടി പശതേച്ചു പിടിപ്പിച്ചഭാഗത്തു് ചേർത്തുവെച്ചു് സ്റ്റേപ്ലറിന്റെ സഹായത്താൽ പിൻ അടിച്ചുറപ്പിക്കുകയാണു് അടുത്തപടി. പിന്നീടു് ട്യൂബും മരത്തിന്റെ പട്ടയുമായി ചേരുന്ന ഭാഗത്തു് വെള്ളം അരിച്ചിറങ്ങാത്തവിധം നന്നായി പശതേച്ചു പിടിപ്പിക്കണം.

ചാക്കുകൊണ്ടും പോളിത്തിൻ ട്യൂബുകൊണ്ടുമുള്ള റെയിൻഗാർഡുകൾ പിടിപ്പിക്കുമ്പോൾ ചിരട്ടയിൽ വെള്ളം വീഴാതിരിക്കാനായി കട്ടിയുള്ള ഒരു കഷണം പോളിത്തിൻ (25 സെ.മീ നീളവും 15 സെ.മീററർ വീതിയുമുള്ളതു്) മരത്തിലുറപ്പിക്കേണ്ടതാണു്.

## ശുപാർശകൾ

ഒന്നിടവിട്ട ദിവസങ്ങളിൽ ടാപ്പിംഗ് നടത്തുമ്പോൾ മഴമൂലം വർഷത്തിൽ കുറഞ്ഞതു് 25 ടാപ്പിംഗ് ദിവസങ്ങളെങ്കിലും നഷ്ടപ്പെടുന്ന തോട്ടങ്ങളിലേക്കാണു് റെയിൻഗാർഡിംഗ് ശുപാർശ ചെയ്തിട്ടുള്ളതു്. ഹെക്ടർ പ്രതിയുള്ള വാർഷികോത്പ്പാദനം 700 കിലോഗ്രാമിൽ കുറവുള്ള തോട്ടങ്ങളിൽ റെയിൻഗാർഡിംഗ് ലാഭകരമായിരിക്കയില്ല.

റബർ കർഷകർക്കു് റെയിൻഗാർഡിംഗിൽ പ്രായോഗിക പരിശീലനം നൽകുന്നതിനു് എല്ലാ സൗകര്യങ്ങളും റബർ ഗവേഷണ കേന്ദ്രത്തിലുണ്ടു്. ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നതിനു് കർഷകർ ഇന്ത്യൻ റബർ ഗവേഷണകേന്ദ്രം ഡയറക്ടറുമായി ബന്ധപ്പെട്ടാൽ മതി.

---

(റബർ ഗവേഷണകേന്ദ്രത്തിലെ പ്ലാൻറ് ഫിസിയോളജി ആൻറ് എക്സ്പ്ലോയിറേറഷൻ വിഭാഗം തയ്യാറാക്കിയതു്)

PUBLISHED BY

THE RUBBER BOARD

P. B. NO. 280
SASTRI ROAD
KOTTAYAM - 686 001

Copies. 7500 10th March 1982

Archana Printers, Kottayam-2, Phone: 4095